ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക ലഭ്യത അനുസരിച്ച് മുൻഗണനാക്രമത്തിൽ പുതിയ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കുന്നതാണ്.

എയിഡഡ് സ്ക്കൂളുകളുടെ മെയിന്റനൻസ് ഗ്രാന്റ്

1436. [2170] ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
,, കെ.പി. രാമൻ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയിഡഡ് സ്ക്കൂളുകൾക്ക് ഇപ്പോൾ നൽകി വരുന്ന മെയിന്റനൻസ് ഗ്രാന്റ് അവസാനമായി പുതുക്കിയത് ഏതു വർഷമാണ്.

(ബി) ഈ ഗ്രാന്റ് അപര്യാപ്തമാണെന്ന് കാണിച്ച് എന്തെങ്കിലും നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടിയെടുക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 1979-ൽ.

(ബി) ഉണ്ട്.

(സി) ടീച്ചിംഗ് ഗ്രാന്റിന്റെ 25% മെയിന്റനൻസ് ഗ്രാന്റ് നൽകണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

പത്താം സ്റ്റാന്റേർഡിലെ പാഠപുസ്തകങ്ങൾ

1437. [2172] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം സ്റ്റാന്റേർഡിലെ പാഠപുസ്തകങ്ങളിൽ ഇനിയും കിട്ടിയിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) വർഷാവസാനമായിട്ടും ഇനിയും പുസ്തകം ഇറങ്ങിയിട്ടില്ലാത്തിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) ഇനിയും കാലതാമസം വരുത്താതെ പുസ്തകം ഉടൻതന്നെ നൽകുന്ന കാര്യം അടിയന്തിരമായി പരിഗണിക്കാമോ ?

ഉത്തരം

(എ) 'കൾച്ചറൽ ഹെറിറ്റേജ് ഓഫ് ഇൻഡ്യ' എന്ന പുസ്തകം ഇതുവരെ വിതരണം ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടി പുസ്തകം മൂന്നാം ടേമിൽ മാത്രം പഠിപ്പിക്കുവാനുള്ളതാണ്. ഇതിന്റെ അച്ചടി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഡിസംബർ മാസാദ്യം വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.

(സി) പരിഗണിച്ചിട്ടുണ്ട്

പത്താം സ്റ്റാൻഡേർഡിലെ പരീക്ഷാരീതി

1438. [2173] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

10-ാം സ്റ്റാൻഡേർഡിലെ പരീക്ഷാ രീതിയുടെ പരിഷ്ക്കരണം അടുത്ത വർഷത്തേക്ക് മാറ്റിവയ്ക്കുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

അടുത്ത വർഷത്തേക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്.

അംഗീകാരം ലഭിക്കാത്ത സ്ക്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം

1439. [2174] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ഥിരീകരണം ലഭിച്ചില്ല എന്ന കാരണത്താൽ സംസ്ഥാനത്ത് ഏതെങ്കിലും സ്ക്കൂളിലെ അദ്ധ്യാപകരുടെ ശമ്പളം തടഞ്ഞുവച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ; അവ ഏതെല്ലാം ;

(ബി) ഇതിൽ ഹൈസ്ക്കൂളുകളെത്ര ; അപ്പർ പ്രൈമറി സ്ക്കൂളുകളും എത്ര ; ലോവർ പ്രൈമറി സ്ക്കൂളുകളും എത്ര ;

(സി) അദ്ധ്യാപകരുടേതല്ലാത്ത കുറ്റംകൊണ്ട് ശമ്പളം കിട്ടാതാകുന്ന അവസ്ഥ മാറ്റി അദ്ധ്യാപകർക്ക് ശമ്പളം കൃത്യമായി നൽകുന്നതിന് ഗവൺമെന്റ് നിർദ്ദേശം നൽകുമോ ;

(ഡി) സ്ഥിരാംഗീകരണം ലഭിക്കാത്ത ചില സ്ക്കൂളുകൾക്ക് കേരള വിദ്യാഭ്യാസ ചട്ടമനുസരിച്ച് ആവശ്യമായ സ്ഥലം ഇപ്പോൾ കിട്ടാൻ സാദ്ധ്യത ഇല്ലെന്ന വസ്തുത കണക്കിലെടുത്ത് ഇളവ് അനുവദിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) വിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ നമ്പർ എച്ച്-2-108698/86 തീയതി 24-9-1986 പ്രകാരം സ്ഥിരമോ താൽക്കാലികമോ ആയ അംഗീകാരം ലഭിച്ചിട്ടില്ലാത്ത സ്ക്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെയും അദ്ധ്യാപകേതര ജീവനക്കാരുടെയും 1986 സെപ്റ്റംബർ മാസം വരെയുള്ള ശമ്പളം നൽകുന്നതിനുള്ള ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സ്ഥിരാംഗീകാരം ലഭിക്കുന്നതിന് മാനേജ്മെന്റ് പാലിക്കേണ്ട വ്യവസ്ഥകൾ പൂർത്തീകരിക്കാത്തിരിക്കുമ്പോഴാണ് അദ്ധ്യാപകർക്ക് ശമ്പളം കിട്ടാതെ വരുന്നത്. വ്യവസ്ഥകൾ പാലിക്കേണ്ടതും ആവശ്യമായതിനാൽ ഈ നിർദ്ദേശം പരിഗണിക്കുവാൻ സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly